# പൊതുവിദ്യാഭ്യാസവകുപ്പ് കേരളം

## തൃശ്ശൂർ ജില്ല

### അർദ്ധവാർഷിക പരീക്ഷ 2011-12

വിഷയം : മലയാളം II
ക്ലാസ്സ് : X

സമയം : 1.45 Hr
മാർക്ക് : 40

1

"നോക്കൂ, അവളെ എന്തെങ്കിലും കൊടുത്ത്
പറഞ്ഞയക്കൂ.... പിന്നെ ശല്ല്യാവും". രമണി പറഞ്ഞു.

"അവൾക്കാരുംല്ല്യാ". അയാൾ പറഞ്ഞു
"അതിന് നമ്മളെന്താ ചെയ്യ്യാ?".

- നമ്മുടെ സമൂഹത്തിൽ നിന്ന് സ്നേഹകാരുണ്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്ന സൂചനയാണോ രമണിയുടെ പ്രതികരണങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്? നിങ്ങളുടെ നിരീക്ഷണം സമർഥിക്കുക. *(സ്കോർ 4)*

2

ഉപഭോഗ സംസ്കാരത്തിന് അടിമപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനിക മനുഷ്യന്റെ പ്രതീകമാണ് എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ എന്ന കഥയിലെ രമണി. കഥ വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയാറാക്കുക. *(സ്കോർ 4)*

3

"വ്യക്തിദുഃഖങ്ങളേക്കാൾ, കവി പ്രധാനമായി കരുതുന്നത് സമൂഹത്തിന്റെ ദുഃഖമാണ്".

- കൊച്ചുദുഃഖങ്ങളുറങ്ങു എന്ന കവിതയെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയെ വിലയിരുത്തുക. *(സ്കോർ 4)*

4

'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥ സമകാലികസമൂഹത്തിന്റെ നേർചിത്രമാണ്. കഥ വിശകലനം ചെയ്ത് ഈ നിരീക്ഷണത്തിന്റെ സാധുത വിശദീകരിക്കുക. *(സ്കോർ 4)*

5

സൂചനകൾ വ്യാഖ്യാനിക്കുക

"അക്കൊച്ചു ശാരിക! ഭൂമി കന്യയ്ക്കെഴും
ദുഃഖങ്ങൾ പാടിയ തയ്യൽ -
നാടു വെടിഞ്ഞുപോം നന്മകൾ തൻകഥ
പാടിയ പൈങ്കിളിപ്പൈതൽ"

- ഈ വരികളിലൂടെ ധ്വനിപ്പിക്കപ്പെടുന്നതെന്തൊക്കെ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

6

'മാതൃദുഃഖത്തിന്റെ അഗാധത ലളിതമായും ഹൃദയദ്രവീകരണ ശക്തിയോടെയും ആവിഷ്കരിച്ചിരിക്കുന്ന കവിതയാണ് തോരാമഴ'.

- ഈ അഭിപ്രായത്തെ വിലയിരുത്തി കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

7

തപോനിഷ്ഠമായ ജീവിതവും പരുക്കൻ പെരുമാറ്റവും കൈമുതലായ പിതാവിൽ നിന്ന് ഇടിത്തീപോലുള്ള ഷോക്കുകൾ പൊട്ടിപ്പുറപ്പെടുന്നതും പ്രതീക്ഷിച്ച് ഉമിത്തീയിലെന്നപോലെ നീറി നിൽക്കുമ്പോഴാണ് പുതുജീവൻ നൽകുന്ന അമൃതവർഷമായി, അച്ഛന്റെ ഗീതാവാക്യം കേൾക്കുന്നത്.

- അടിവരയിട്ട പ്രയോഗങ്ങൾ സന്ദർഭത്തിനു നൽകുന്ന അർഥസാധ്യതകൾ കണ്ടെത്തി എഴുതുക. *(സ്കോർ 4)*

8

" പെട്ടെന്നു വന്നു പെരുമഴ, ഉമ്മയോ
ചിക്കെന്നകത്തു തിരഞ്ഞു ചെന്നു
വില്ലൊടിഞ്ഞെന്നു ചിണുങ്ങിടാറുള്ളൊരാ
പുള്ളിക്കുട ചെന്നെടുത്തു പാഞ്ഞു
പള്ളിപ്പറമ്പിൽ പുതുതായ് കുമിച്ചിട്ട
മണ്ണട്ടിമേലെ നിവർത്തിവച്ചു". - **തോരാമഴ**

"ഉണ്ണിക്കൈയ്ക്കെടുക്കുവാനുണ്ണിവായ്ക്കുണ്ണാൻ വേണ്ടി,
വന്നതാണീ മാമ്പഴം വാസ്തവമറിയാതെ" - **മാമ്പഴം**

- ഈ അമ്മമാർ മാതൃമനസ്സിന്റെ ചില പ്രത്യേക ഭാവങ്ങൾ പ്രതിഫലിപ്പിക്കുന്നില്ലേ? കാവ്യഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക. *(സ്കോർ 6)*

"മാതൃഭാഷയെ നിഷേധിക്കുന്നവർ സ്വയം നിഷേധിക്കുകയാണ് ചെയ്യുന്നത്."

– ഈ കാഴ്ചപ്പാടിനെ സാധൂകരിച്ചുകൊണ്ട് കേരളപ്പിറവി ദിനത്തിൽ നടത്താനുള്ള ഒരു പ്രഭാഷണം തയാറാക്കുക. *സമയം– 10 മിനിട്ട് (സ്കോർ 6)*